കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# *മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്*

# *ഓഡിറ്റ് റിപ്പോർട്ട് 2017-18*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4-402/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി -22/04/2019 .

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം

കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി 4-402/19 തീയതി-22/04/2019

**കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ**

**2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017 മുതൽ 31-01-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യുറോയി.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-02-2019 മുതൽ |

| | |
|---|---|
| | 07-03-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.എ.ശശിജോഷ്,<br>അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.റ്റി.സിന്ധു<br>അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജി.അമ്പിളി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ബിനു.കെ | 01.04.2017 മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.റ്റി.എഫ്.ജോസഫ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| 1. അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.വിഷ്ണു.ആർ | 01.04.2017മുതൽ<br>31.03.2018 വരെ |
| 2. വി.ഇ.ഒ | ശ്രീമതി.സംഗീത.പി.കെ | 01.04.2017മുതൽ<br>31.03.2018 വരെ |
| 3.ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.കെ.പി | 01.04.2017മുതൽ<br>31.03.2018 വരെ |
| 4. കൃഷി ഓഫീസർ | ശ്രീ.അജിത് കുമാർ.പി.വി | 01.04.2017മുതൽ<br>31.03.2018 വരെ |
| 5.വെറ്ററിനറി സർജൻ | ഡോ.ബിന്ദു | 01.04.2017മുതൽ<br>31.03.2018 വരെ |
| 6. ഹെഡ്മിസ്ട്രസ് | ശ്രീമതി.ഗീത | 01.04.2017മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| 7. എം.ഒ. ആയുർവേദം | ഡോ.രാജി.വിശ്വനാഥ് | 01.04.2017മുതൽ 19.07.2017 വരെ |
| | ഡോ.മഞ്ജുഷ.ഇ.വി | 20.07.2017മുതൽ 31.03.2018 വരെ |
| 8. എം.ഒ., പി.എച്ച്.സി | ഡോ.മനോജ്.ബി.തോമസ് | 01.04.2017മുതൽ 31.03.2018 വരെ |
| 10. ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സനൽകുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| 11.സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.നൗഷദ് ഖാൻ | 01.04.2017മുതൽ 28.03.2018 വരെ |
| | ശ്രീമതി.സോഫി ശേഖർ | 28.03.2018മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | ഇടാപട്ടുകളില്ലാതെ ദുരിതാശ്വാസനിധി | 2-1 |
| | ഭാഗം 3 | |
| 14 | ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ ഒടുക്കിയിട്ടില്ല. | 3-1 |
| 15 | നവീകരണയോഗ്യമല്ലാത്ത അങ്കണവാടി നവീകരണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തു | 3-2 |
| 16 | എയ്റോബിക് ബിൻ കമ്പോസ്റ്റ്-ഉപയോഗപ്രദമാക്കിയിട്ടില്ല | 3-3 |
| 17 | ജി.എൽ.പി.എസിന് സ്മാർട്ട് ക്ലാസ്റൂം-പർച്ചേസിംഗിലെ അപാകതകൾ | 3-4 |
| 18 | പോത്ത് കുട്ടി വളർത്തൽ പദ്ധതി -ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല. | 3-5 |
| 19 | അധിക അളവ് രേഖപ്പെടുത്തി തുക ചെലവഴിച്ചു-9,706/-രൂപ നിരാകരിക്കുന്നു | 3-6 |
| 20 | ലൈഫ് മിഷൻ -അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല | 3-7 |
| 21 | സഞ്ജീവനി ഹോം കെയർ പദ്ധതി-പ്രോജക്ട് നിർവ്വഹണം – ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 3-8 |
| 22 | ഐ.കെ.എം. വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-9 |
| 23 | ഇടിയക്കടവ് പാലപ്പുഴിഞ്ഞി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം അപാകതകൾ | 3-10 |
| | ഭാഗം 4 | |
| 24 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപം | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം | |
| 31 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 34 | അനുബന്ധം 1 – ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 35 | അനുബന്ധം 2, അനുബന്ധപത്രികകൾ | 2 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

28.03.18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 24.05.18 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.18&14.06.18 | കെ.എസ്.എ.കെ.എൽ.എം. പി4/1141/18 തീയതി 28.06.18 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 87,29,709 |
| വരവ് | 4,85,71,680 |
| ആകെ | 5,73,01,389 |
| ചെലവ് | 5,45,10,445 |
| നീക്കിയിരിപ്പ് | 27,90,944 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 6918000 | 6918000 | 5910875 | 1007125 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3178059 | 3178059 | 3177680 | 379 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 5998 | 5998 | - | 5998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1385000 | 1385000 | 320593 | 1064407 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2389472 | 201528 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3200416 | 3200416 | 3170661 | 29755 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 21144252 | 21144252 | 17972679 | 3171573 |
| സാക്ഷരത | | 1313 | 86400 | 87713 | 86400 | 1313 |
| ദുരിതാശ്വാസനിധി | | 5592 | -- | 5592 | - | 5592 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 10340802 | 10340802 | 10340802 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1880 | 649157 | 651037 | 650988 | 49 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എസ്.എസ്.എ | | 100000 | 0 | 100000 | - | 100000 |
| ഐ.സി.ഡി.എസ് | | 993914 | 324851 | 138765 | 191468 | 1127297 |
| സമ്പൂർണ്ണ ശുചിത്വം | | 0 | 41835 | 0 | 41835 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ വിമുക്തി | | 0 | 160000 | 160000 | 0 | 160000 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5099700 | 743450 | 5843150 | 3355009 | 2488141 |
| | ജില്ലാ പഞ്ചായത്ത് | 88400 | 618450 | 706850 | 571850 | 135000 |
| ബി ഫണ്ട് | | 0 | 119880 | 119880 | 119880 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1553003 | 7145042 | 8698045 | 10263661 | -1565616 |
| | ട്രഷറി അക്കൗണ്ട് | 885907 | 5742486 | 6628393 | 6289225 | 339168 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 54964954 | 120 | 40055040 | 1 | 33 | 78.43 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | ഏറ്റെടുത്ത പ്രവർത്തികൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവ് ശതമാനം (രൂപ) |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 26 | 37,88,599 | 35,00,021 | 92 |
| അസി.എഞ്ചിനീയർ | 64 | 38 | 3,09,53,801 | 2,16,00,720 | 70 |
| കൃഷി ഓഫീസർ | 6 | 6 | 11,31,200 | 8,93,304 | 79 |
| വെറ്റിനറി സർജൻ | 11 | 11 | 20,89,654 | 12,57,149 | 60 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 4 | 4 | 5,89,000 | 3,66,792 | 62 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 9,80,000 | 9,70,300 | 99 |
| വി.ഇ.ഒ1 | 16 | 16 | 1,09,65,500 | 77,79,430 | 71 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 50,000 | 49,700 | 99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 9,00,000 | 8,95,177 | 99 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 26,02,200 | 19,52,130 | 75 |
| എച്ച്.എം.ഗവ.എൽ പി. സ്ക്കൂൾ | 6 | 4 | 9,15,000 | 6,36,917 | 70 |

കൃഷിഓഫീസറുടേയും വെറ്റിനറി സർജന്റെയും പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിഓഫീസറുടെ ചെലവ് 79ശതമാനവും വെറ്റിനറി സർജന്റെ ചെലവ് 60 ശതമാനവും മാത്രമാണ്. വെറ്ററിനറി സർജൻ ഏറ്റെടുത്ത പ്രോജക്ടുകൾ മുഴവൻ നടപ്പാക്കിയെങ്കിലും വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കാൻകഴിഞ്ഞിട്ടില്ല.

ഏറ്റെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിൽ പശ്ചാത്തലമേഖലയിൽ മുഖ്യ നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതെ പോകുന്നത് പശ്ചാത്തലമേഖലയിലെ വികസനം ഏറെ അനിവാര്യമായ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഈ മേഖലയിലെ പ്രോജക്ട് നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ഈ മേഖലയിലെ പ്രശ്നങ്ങളും പ്രശ്ന സാധ്യതകളും കണ്ടെത്തി ആയവ പരിഹരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്. പ്രായോഗികമല്ലാത്തപദ്ധതികൾ ഒഴിവാക്കി പ്രദേശത്തിന്റെ ഭൂപ്രകൃതിയ്ക്കും ആവശ്യകതകൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,880 | 6,49,157 | 6,51,037 | 6,50,988 | 49 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,03,40,802 | 1,03,40,802 | 1,03,40,802 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | (രൂപ) | |
|---|---|---|
| തൊഴിൽരഹിത വേതനം | 59,880 | 119 |
| കർഷകതൊഴിലാളി പെൻഷൻ | 14,42,100 | 493 |
| വിധവാപെൻഷൻ | 56,06,100 | 493 |
| വാർദ്ധക്യകാലപെൻഷൻ | 1,01,46,200 | 869 |
| വികലാംഗപെൻഷൻ | 21,09,000 | 176 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60,000 | 2 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 25,500 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,141/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വരവുകളും സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് വികസനസാധ്യതയുള്ള ടൂറിസം മേഖലകളിൽ നിന്നുള്ള വരുമാനവർദ്ധനവിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

ചെലവ് വൗച്ചറുകൾ സാംഖ്യ സമ്പ്രദായപ്രകാരം അക്കൗണ്ട്ചെയ്ത് വൗച്ചർ നമ്പർ ക്രമത്തിൽ സൂക്ഷിച്ചുവരുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ

ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ ,സോഷ്യൽമാപ്പ്,ആസ്തി രജിസ്റ്റർ ഇവ കാലികമല്ല.

1.ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് അനുവദിച്ച് നൽകപ്പെട്ട ലോക ബാങ്ക് ധനസഹായത്തിൽ 31,71,573/-രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല (ചെലവ് 85ശതമാനം). പശ്ചാത്തലമേഖലയിൽ ഏറെ സാധ്യതകളുള്ള ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ലഭിച്ച മെയിന്റനൻസ് റോഡ് ഫണ്ടിൽ സാമ്പത്തിക വർഷാവസാനം 10,64,407/-രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നു (ചെലവ് 23ശതമാനം മാത്രം). ലഭ്യമായ വിഭവശേഷികൾ പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാഞ്ഞത് ഭരണനിർവഹണാധികാരികളുടേയും നിർവഹണോദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2.രേഖകൾ സൂക്ഷിക്കുന്നതിലെ വീഴ്ച

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ സേവന മേഖലയിലെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം കാണിക്കുന്നു.അങ്കണവാടി പോഷകാഹാര വിതരണ രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതിരിക്കുന്നത് മൂലം സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അങ്കണവാടി രേഖകളുമായി പൊരുത്തപ്പെടുന്നില്ല. അങ്കണവാടി സ്റ്റോക്ക്, വിതരണം എന്നിവ അങ്കണവാടി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് ചെയ്യുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.19 | 12/ 2018 മുതൽ 01/2019 | 15.02.19 |

| | | | |
|---|---|---|---|
| | | വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.16 മുതൽ 17.03.16 വരെ | 2010-11 മുതൽ 2014-15 വരെ | 06.09.16 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

.ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിലുൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു

1. MNREGS വരവ് ചെലവ് കണക്കുകൾ (Receipt and Payment Statement, income and expenditure statement) എന്നിവ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

2. Building tax സഞ്ചയ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്ന book adjustment തുകകളും prior period income എന്നു ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

3. ഓഡിറ്റ് റിക്കവറിയിനത്തിലുള്ള യഥാർത്ഥവരവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇടപാടുകളില്ലാതെ ദുരിതാശ്വാസനിധി

പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയിൽ വർഷങ്ങളായി ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം പ്രസ്തുത അക്കൗണ്ടിന്റെ മുൻബാക്കിയും നീക്കിബാക്കിയും 5,592/-രൂപയാണ്. നിലവിൽ ടി അക്കൌണ്ടിലേക്ക് തുകകൾ ഒന്നും സ്വീകരിച്ച് നിക്ഷേപിക്കുകയോ തുകകൾ പിൻവലിക്കുകയോ ചെയ്യുന്നില്ല. കാനറബാങ്കിലുള്ള പ്രസ്തുത ബാങ്ക് അക്കൌണ്ടിൽ പലിശ പോലും വരവു വച്ചിട്ടില്ല. ആയതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. ദുരിതാശ്വാസനിധി അക്കൗണ്ടിൽ ഇടപാടുകൾ നടത്താനും അക്കൗണ്ട് പരിപാലിക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയറിനു വേണ്ടി മെഡിക്കൽ ഓഫീസറുടെ പേരിലുള്ള സഞ്ജീവനി എന്ന ബാങ്ക് അക്കൌണ്ടിൽ നിലവിൽ ഇടപാടുകൾ നടക്കുന്നില്ല. ടി അക്കൌണ്ടുകളിലേക്ക് തുക സമാഹരിക്കാനായി പ്രിന്റ് ചെയ്ത രസീതുബുക്കുകളും

നിലവിൽ പി.എച്ച്.സിയിൽ സൂക്ഷിച്ചിരിക്കുന്നു. ആയതിന്റെ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ ഒടുക്കിയിയിട്ടില്ല, ബാക്കി നിൽക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയ പ്രോജക്ട് പൂർത്തീകരിച്ചെങ്കിലും ബാക്കി തുക തിരികെ ഒടുക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-79/18

പ്രോജക്ട് -ഇടിയകടവ് പാലപ്പഴിഞ്ഞി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം

അടങ്കൽ -4,08,000/-രൂപ

2,20,500/-രൂപ (എസ്.സി പി. വികസനഫണ്ട്)

1,87,500/-രൂപ (ബ്ലോക്ക് വിഹിതം)

പ്രസ്തുത പദ്ധതിയ്ക്കായി 31-3-2017 തീയതിയിൽ ബ്ലോക്ക് വിഹിതം ലഭ്യമായിരുന്നു. ആയതിന്റെ ബ്ലോക്ക് വിഹിതം ലഭിച്ച തുക താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ആകെ – 3,83,663/-രൂപ

എസ്.സി.പി വികസനഫണ്ട് [ ബിൽ നം. 54/26-9-2017 ]- 2,20,500/-രൂപ

കോൺട്രാക്ടർക്ക് നൽകിയ ബ്ലോക്ക് വിഹിതം –1,55,085/-രൂപ
(ചെക്ക് നമ്പർ-311113/28-9-2017)

മറ്റു നികുതികൾ --- 8,078/-രൂപ (ചെക്ക് നമ്പർ 3111135/28-9-2017

ബ്ലോക്ക് വിഹിതത്തിൽ നിന്നും ബാക്കി തുകയായ 24,337/- രൂപ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടില്ല. ആയതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത തുക റീടെൻഷൻ ആയി ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിനാൽ ആണ് ടി തുക തിരികെ നൽകാതിരുന്നതെന്നും ആയത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ബിൽപ്രകാരം റീടെൻഷൻ തുക

പിടിച്ചിട്ടില്ലാത്തതിനാൽ ടി തുക തിരികെ അടച്ച് വിവരമറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -3/6.3.19

## 3-2 നവീകരണയോഗ്യമല്ലാത്ത അങ്കണവാടി നവീകരണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തു

പ്രോജക്ട് നമ്പർ 148/17

പ്രോജക്ട് -അങ്കണവാടി നവീകരണം-വിഹിതം നൽകൽ

ചെലവ് -5510/- (ചെക്ക് നമ്പർ 803400/5-4-2017) (തനതുഫണ്ട് വിഹിതം )

സാമൂഹ്യനീതി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടപ്പിലാക്കുന്ന അങ്കണവാടി നവീകരണ പ്രോജക്ടിനായി തിരഞ്ഞെടുത്ത അങ്കണവാടി നവീകരണയോഗ്യമല്ല. 68, 71 എന്നീ രണ്ട് അങ്കണവാടി കൾ നവീകരണത്തിനായി 19-11-2016 തീയതിയിലെ 1(7) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയതിൽ 71-ാം നമ്പർ അങ്കണവാടി നവീകരണയോഗ്യമല്ല എന്ന് പിഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്നു. നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടി നവീകരിക്കാൻ തെരഞ്ഞെടുത്ത് വിഹിതം നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പിൽ നിന്നും 2 അംഗൻവാടികൾക്കായി 1,20,000/- രൂപയും തദ്ദേശസ്ഥാപനം 80,000/-രൂപയുമാണ് നൽകിയിരുന്നത് . ആയതിൽ, തദ്ദേശസ്ഥാപനത്തിന്റെ വിഹിതം 74,490/-രൂപ 31-3-2017 ലും, 5,510/-രൂപ 2017-18 വർഷവുമാണ് ഒടുക്കിയത്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടി നവീകരിക്കാൻ നൽകിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഫിറ്റ്നസ് ഇല്ലാത്ത അങ്കണവാടിയ്ക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 40,000/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കുകയോ അല്ലാത്തപക്ഷം നവീകരിക്കുന്നതിന് വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. മേൽ പരാമർശത്തിനുമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.4/6.3.19

## 3-3 എയ്റോബിക് ബിൻ കമ്പോസ്റ്റ് ഉപയോഗപ്രദമായിട്ടില്ല

പ്രോജക്ട് നം -(149/2018) എയ്റോബിക് ബിൻ കമ്പോസ്റ്റ്

അടങ്കൽ-4,25,000/-രൂപ(വികസനഫണ്ട് (ജനറൽ)-1,00,000/-രൂപ,തനത്ഫണ്ട്-6,250/-രൂപ,ശുചിത്വമിഷൻ ഫണ്ട്-3,18,750/-രൂപ)

ആകെ ചെലവ് തുക - 2,63,911/-രൂപ ,(ബിൽ നം-28/27.3.18—1,00,000 /-രൂപ,ചെക്ക് നം-65361/3.7.18-1,63,911/-രൂപ)

നിർവ്വഹണം-അസി.എഞ്ചിനീയർ

തുമ്പൂർമൂഴി മാതൃകയിലുള്ള മാലിന്യസംസ്കരണം ലക്ഷ്യമാക്കി ആവിഷ്കരിച്ച എയ്റോബിക് ബിൻ കമ്പോസ്റ്റ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസിലും പ്രാഥമികാരോഗ്യകേന്ദ്രത്തിലും , മൺട്രോത്തുരുത്ത് ഗവ. എൽ.പി.സ്കൂളിലും എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചുവെങ്കിലും മാലിന്യങ്ങൾ പ്രസ്തുത സ്ട്രക്ചറുകളിൽ നിക്ഷേപിച്ച് കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഘടക സ്ഥാപനങ്ങളുടെ മേധാവികൾ മുൻകൈയ്യെടുത്ത് ഏയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് നിർദ്ദേശം നൽകിയതായി അറിയുന്നു എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. പാരിസ്ഥിതിക ആഘാതം നേരിടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ സുസ്ഥിതി ലക്ഷ്യമാക്കി നടപ്പിലാക്കിയ മേൽ പദ്ധതി പൂർണ്ണാർത്ഥത്തിൽ ഫലപ്രാപ്തിയിലെത്തിക്കുവാൻ ഭരണനിർവ്വഹണ അധികാരികൾ നടപടികൾ സ്വീകരിച്ച് പുരോഗതിവിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. -6/06.03.2019

## 3-4 ജി.എൽ.പി.എസിന് സ്മാർട്ട് ക്ലാസ്റൂം-പർച്ചേസിംഗിലെ അപാകതകൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതി,നം | ഗവ.എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ (159/18) |
| അടങ്കൽ തുക | 4,90,000/-രൂപ<br>(ലോക ബാങ്ക് ധനസഹായം) |
| ചെലവ് തുക | 4,82,900/-രൂപ(ബിൽനം.2/17-18/17.1.18) |

ജി.എൽ.പി.എസിന് സ്മാർട്ട് ക്ലാസ്റൂം സ്ഥാപിക്കുന്നതിലേയ്ക്കായി ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

അംഗീകൃത പദ്ധതി പ്രകാരം ഉള്ള താഴെക്കൊടുത്തിരിക്കുന്ന 10 ഇനങ്ങൾക്കാണ്

1.Smart Display Panel-2,25,000/-രൂപ

2.Visual Presenter -40,000/-രൂപ

3.Laptop -35,000/-രൂപ

4.UPS -12,000/-രൂപ

5.Metal cabinet -10,000/-രൂപ

6.Jefferson Chair -80,000/-രൂപ

7.Lecture Stand -12,000/-രൂപ

8.Sound system -24,000/-രൂപ

9.Portable interactive

Device for students-22,000/-രൂപ

10.Control Unit -30,000/-രൂപ

ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള സ്ഥാപനങ്ങൾ എല്ലാം തന്നെ മേൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളിൽ 7-ാം ഇനമായ Lecture Stand -12,000/-രൂപ ഒഴികെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് തുക ക്വാട്ട് ചെയ്തിട്ടുള്ളത്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ കെ.എം ടെക്നോളജീസ് എന്ന സ്ഥാപനം 9 ഇനങ്ങൾക്ക് 4,82,900/-രൂപ ക്വാട്ട് ചെയ്യുകയും ടി തുക അനുവദിച്ച് നൽകുകയും ചെയ്തു. 9 ഇനങ്ങൾക്ക് ആകെ അടങ്കൽ തുക 4,78,000/-രൂപയാണെന്നിരിക്കെ 4,87,900/- രൂപ ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി ഓഡിറ്റ് എൻക്വയറി നൽകിയതിന്, ടി പദ്ധതി ടെണ്ടർ ചെയ്യുന്ന കാലയളവിൽ ജി.എസ്.ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അവ്യക്തതകൾ മൂലവുമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ കെ.എം ടെക്നോളജീസിൽ നിന്ന് 4,82,900/- രൂപയ്ക്ക് സ്മാർട്ട് ക്ലാസ്റൂമിനുള്ള ഇനങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് . അവശ്യസാധനങ്ങൾ മാത്രം ഉൾപ്പെടുത്തി അടങ്കൽ നിശ്ചയിച്ച് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിന് പകരം കുറെ ഇനങ്ങൾ ഉൾപ്പെടുത്തി അടങ്കൽ നിശ്ചയിച്ച് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുകയാണ്. ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവഹണോദ്യോഗസ്ഥയും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

ജി.എൽ.പി.എസിന് 4,82,900/- രൂപ ചെലവഴിച്ച് നിർമ്മിച്ച സ്മാർട്ട് ക്ലാസ്റൂം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. സ്മാർട്ട് ക്ലാസ് റൂം പൊടി പിടിച്ച അവസ്ഥയിലാണുള്ളത്. കേവലം 54 കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിനായി 4,82,900/-രൂപ ചെലവഴിച്ച് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചെങ്കിലും പ്രയോജനപ്രദമായി ഉപയോഗിക്കാതിരിക്കുന്നത് സ്കൂളധികൃതരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതും സ്മാർട്ട് ക്ലാസ്സ് റൂമിന് വാങ്ങിയ ഉപകരണങ്ങളുടെ പ്രയോജനപ്പെടുത്തൽ തുടർച്ചയായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതുമാണ്..

ഓഡിറ്റ് എൻക്വയറി നം-1/2.3.19

## 3-5 പോത്ത് കുട്ടി വളർത്തൽ പദ്ധതി -ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | പോത്ത് കുട്ടി വളർത്തൽ പദ്ധതി (നം.32/18) |
| അടങ്കൽ തുക | 1,50,000/-രൂപ<br>(എസ്.സി.പി ഫണ്ട്)<br>50,000/-രൂപ<br>(ഗുണ.വിഹിതം) |
| ചെലവ് തുക | 1,50,000/-രൂപ(ബിൽനം.9/17-18/20.3.18)<br>50,000/-രൂപ(ചെക്ക് നം.607828/21.5.18) |

അംഗീകൃത പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്കായി 20 പോത്ത് കുട്ടികളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം വാങ്ങി നൽകിയ പോത്ത്കുട്ടികളെ ഒരു വർഷത്തേക്ക് വളർത്തിക്കൊള്ളാമെന്നും അതിനെ കൈമാറ്റംചെയ്യുകയില്ലെന്നും അപ്രകാരം സംഭവിച്ചാൽ നഷ്ടം ഈടാക്കുന്നതാണെന്നും വ്യവസ്ഥയുണ്ട്. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളൊന്നും തന്നെ നിലവിൽ പോത്ത്കുട്ടികളെ വളർത്തുന്നില്ല എന്നും ലഭ്യമായ പോത്തുകുട്ടികളെയെല്ലാം കൈമാറ്റം ചെയ്തുവെന്ന് ബോധ്യമാകുന്നു.

ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെചേർക്കുന്നു.

1.വാസന്തി,ബേബി വിലാസം (വാർഡ് നം.X)

2.വനജ,സുബി വിലാസം (വാർഡ് നം.X)

3.രാജു,രാഖിഭവനം (വാർഡ് നം.IV)

4.അഞ്ജന,അനുഭവനം (വാർഡ് നം.IV)

5.ജാനകി,അനിൽ ഭവനം (വാർഡ് നം.I)

6.ഗീത,അരുണോദയം (വാർഡ് നം.XIII)

ഇപ്രകാരം എഗ്രിമെന്റിന് വിരുദ്ധമായി പോത്തുകുട്ടികളെയെല്ലാം കൈമാറ്റം ചെയ്തതിന് മറുപടി ലഭ്യമാക്കുവാനും, ഗുണഭോക്താക്കളുടെ വിശദീകരണം മറുപടിയോടൊപ്പം ലഭ്യമാക്കുവാനുമായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥയും ഉചിതമായ നടപടികൾ സ്വീകരിച്ച ടി വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.2/5.3.19

## **3-6** <u>അധിക അളവ് രേഖപ്പെടുത്തി തുക ചെലവഴിച്ചു- **9,706/-**രൂപ നിരാകരിക്കുന്നു.</u>

പ്രോജക്ട് നമ്പർ :.160/18

പ്രോജക്ടിന്റെ പേര് -പുതിയതായി നിർമ്മിക്കുന്ന ആയുർവേദാശുപത്രിക്ക് അടിസ്ഥാനസൗകര്യം-

അടങ്കൽ തുക -4,90,000/-രൂപ(ലോകബാങ്ക് ധനസഹായം)

ചെലവ് – 4,89,207/-ബിൽ നമ്പർ 45/28-2-2018

റ്റി.എസ് നം-91822/17-18

കരാറുകാരൻ – ശ്രീ.ഷാജി. പി

നിർവഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് എഞ്ചിനീയർ

എഗ്രിമെന്റ് നമ്പർ MTGP32/17-18/12-1-2018

എം ബുക്ക് നമ്പർ -29/17-18

മേൽ പ്രവൃത്തി എൽ.എസ്.ജി ഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 6.3.2019 ന് സ്ഥലപരിശോധന നടത്തിയതിൽ നിർവ്വഹണം നടത്തിയതിനെ അധികരിച്ച് പ്രവൃത്തിയുടെ അളവുകൾ എംബുക്കിൽ രേഖപ്പെടുത്തുകയും പ്രതിഫലം നൽകുകയും ചെയ്തു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) എക്സ്ട്രാ ഇനം നമ്പർ 5 , 1:2:4 മിശ്രിതം ഉപയോഗിച്ചുള്ള reinforced cement concrete 55.35 മീറ്റർ നീളത്തിൽ 0.05മീറ്റർ വീതിയിൽ 0.075 മീറ്റർ കനത്തിൽ ചെയ്തതായി രേഖപ്പെടുത്തി 2.076 $m^3$ ന് 8845.83/$m^3$ നിരക്കിൽ 18363.94/- രൂപാ നൽകി. (പേജ് 34)

[ 20x0.5 x 0.075 = 0.750
14.6x 0.5x0.075 = 0.548
16.5 x 0.5 x 0.075 = 0.619
4.25x 0.5 x 0.075 = 0.159
---------
2.076 $m^3$

എന്നാൽ 37.2 മീറ്റർ നീളത്തിൽ എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 0.075 മീറ്റർ കനത്തിലും, 18.15 മീറ്റർ നീളത്തിൽ 0.05 മീറ്റർ വീതിയിൽ 0.06 മീറ്റർ കനത്തിലുമാണ് പ്രവൃത്തി നിർവഹിച്ച് കാണുന്നത്. ഇപ്രകാരം 1.939 $m^3$ (1.94 $m^{3)}$ മാത്രം പ്രവൃത്തി നിർവഹണം നടന്നുള്ളു എന്നിരിക്കെ 0.136 $m^3$ ന് 1,203/- രൂപ അധികം ചെലവഴിച്ചു.

3) ഇനം നമ്പർ 6, ൽ ചുറ്റുമതിൽ നിർമ്മാണത്തിന് 50 x 25 x 1.2mmഅളവിലുള്ള സ്റ്റീൽ ഉപയോഗിച്ച് 84 മീറ്ററിന് 3x 2x6x1.35kg/m=48.6, 4x2x6x1.35kg/m=64.8 കിലോഗ്രാം സ്റ്റീൽ വർക്ക് ചെയ്തതും ഉൾപ്പെടെ 113.4kg സ്റ്റീൽ വർക്കിന് കി.ഗ്രാമിന് 127.24/- രൂപ നിരക്കിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ മേൽ ഇനം 34.50x1.35=46.575 kg പ്രവൃത്തി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. അധികരിച്ച് രേഖപ്പെടുത്തിയ 66.825 kg സ്റ്റീൽ വർക്കിനായി ചെലവഴിച്ച തുക 8502.8രൂപ(66.825x127.24) യുടെ വിനിയോഗം ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണംആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇനം നം 5-ൽ ശരാശരി കനമാണ് രേഖപ്പെടുത്തിയതെന്നും ഇനം നം 6-ൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 34.5മീറ്റർ സ്റ്റീൽ റെയിൽ ഉപയോഗിച്ചതായും മറുപടി ലഭ്യമാക്കി. എം.ബുക്ക് പ്രകാരമുള്ള

പ്രവൃത്തികളെല്ലാം നിർവ്വഹിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അധികമായി അളവ് രേഖപ്പെടുത്തി പ്രതിഫലം നൽകിയ സാഹചര്യത്തിൽ അധികം നൽകിയ 9,706/-രൂപയുടെ (1,203+8,503) വിനിയോഗം ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-9/6.3.2019
നിരാകരിച്ച തുക-9,706/-രൂപ

## 3-7 ഒലൈഫ് മിഷൻ -അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

പ്രോജക്ട് നമ്പർ – 179/18

പ്രോജക്ട് - ലൈഫ് മിഷൻ ജനറൽ

അടങ്കൽ – 11,60,000/-രൂപ

ചെലവ് – 10,00,000/-രൂപ

ബിൽ നമ്പർ 40/17-18/28-3--18

ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട്ടു വയ്ക്കാനായി അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ വീട്ടു പണി ആരംഭിച്ചിട്ടില്ല.

1) ശ്രീ. അലക്സാണ്ടർ,

ലിസ്സി,തോപ്പിൽ പുത്തൻ വീട്

(വാർഡ് 13)

2) മിനി ദിലീപൻ

തുമ്പുംമുഖം (വാർഡ്-8)

പ്രസ്തുത വ്യക്തികൾ രണ്ടും അഡ്വാൻസായി 40,000/- രൂപ വീതം കൈപ്പറ്റിയിട്ട് നാളിതുവരെ വീട്ടു പണി നടത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ശ്രീമതി മിനി വീട്ടുപണി തുടങ്ങിയിട്ടുണ്ടെന്നും ശ്രീ.അലക്സാണ്ടറിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9/7-3-19

**3-8** സഞ്ജീവനി ഹോം കെയർ പദ്ധതി-പ്രോജക്ട് നിർവ്വഹണംലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിലൂടെ (നം-20/2018) ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള 172 കിടപ്പുരോഗികൾക്ക് സേവനം ലഭ്യമാക്കാനായി 3,00,000/- രൂപ വകയിരുത്തി. എന്നാൽ നിർദ്ദിഷ്ട സാമ്പത്തികവർഷം 82,092/-രൂപ മാത്രമാണ് മേൽ പദ്ധതിപ്രകാരം ചെലവഴിച്ചത്. മേൽ വിഷയം എക്സിറ്റ്മീറ്റിംഗിൽ ചർച്ച ചെയ്തതിൽ നിർദ്ദിഷ്ട സാമ്പത്തിക വർഷം നടത്തിയ പാലിയേറ്റീവ് പരിചരണം വേണ്ടത്ര രീതിയിൽ ഫലപ്രാപ്തി കൈവരിച്ചിരുന്നില്ല എന്ന് ഭരണസമിതി അറിയിക്കുകയുണ്ടായി. ആരോഗ്യമേഖലയിലെ അനിവാര്യപദ്ധതികളിലൊന്നായ പാലിയേറ്റീവ് പരിചരണം നല്ല രീതിയിൽ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മറ്റിയും ഭരണസമിതിയും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**3-9** ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം – സെക്രട്ടറി

പ്രോജക്ട് നം. -16/18 (ഐ.കെ.എം ന് വിഹിതം നൽകൽ)

വികസന ഫണ്ട് – 30,000/-രൂപ (ചെലവ് തുക 30,000/- ബിൽ നം. 20/13.10.2017)

മേൽ പ്രോജക്ടിൽപ്പെടുത്തി ഐ.കെ.എം-ൽ ഒടുക്ക് വരുത്തിയ 30,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

എൻക്വയറി നം-8/6.3.19

തടസ്സപ്പെടുത്തിയ തുക-30,000/-രൂപ

**3-10** ഇടിയക്കടവ് പാലപ്പഴിഞ്ഞി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം അപാകതകൾ

പ്രോജക്ട് നം-79/2018 (ഇടിയക്കടവ് പാലപ്പഴിഞ്ഞി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം)

അടങ്കൽ-4,08,000 /-രൂപ(വികസനഫണ്ട് (എസ്.സി.പി)-220500/-, ബ്ലോക്ക്

വിഹിതം-1,87,500/-രൂപ)

ആകെ ചെലവ് -3,83,663/-രൂപ ,(ബിൽ നം-54/26.9.17-2,20,500/-രൂപ, ചെക്ക് നമ്പർ-3111135/28.9.17—8,078/-രൂപ, 3111134/28.9.17—1,55,085/-രൂപ)

എഗ്രിമെന്റ് നം-62/AE/LSGD/CTNR/16-17/2.2.18

കരാറുകാരൻ-ശ്രീ.ഷാജി.ബി

സാങ്കേതികാനുമതി നം-76482 /2016-17
പി.എ.സി -3,77,946/-രൂപ

1)ഇടിയക്കടവ് പാലപ്പഴിഞ്ഞി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം പ്രവൃത്തിയുടെ ഇനം.1 ആയി 60.2 മീx2മീx0.9മീ അളവിൽ DRപായ്ക്കിംഗ് നടത്തിയിട്ടുണ്ട്. "DR കെട്ടുക സാധ്യമല്ല"എന്നും "Rubble Dump ചെയ്ത് " അതിന് മുകളിൽ സൂപ്പർ സ്ട്രക്ചർ കെട്ടുക മാത്രമാണ് സാധ്യമാവുകയെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിച്ച പ്രവൃത്തിക്ക് 2 മീറ്റർ വീതിയിൽ DR Dump ചെയ്തതിന് Mason ഉൾപ്പടെയുള്ള കൂലി ഉൾപ്പെടുത്തി ക്യൂബിക് മീറ്ററിന് 2,788/- രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

DR Dump ചെയ്യുന്ന പ്രവൃത്തിക്ക് Mason ന്റെ കൂലി ഒഴിവാക്കാമെന്നിരിക്കെ Mason കൂലിയായ 319.20/- രൂപ കൂടി ഉൾപ്പെടുത്തി നിരക്ക് കണക്കാക്കിയിരിക്കുന്നു. ആയത് ഒഴിവാക്കിയാൽ ക്യൂബിക് മീറ്ററിന് നൽകാവുന്ന നിരക്ക് 2,240.72/-രൂപ മാത്രമാണ്. ഇത്തരത്തിൽ 108.36 ക്യൂബിക് മീറ്ററിന് നൽകാവുന്ന തുക 2,42,804/- രൂപയാണെന്നിരിക്കെ 3,02,107/- രൂപ നൽകി. അതായത് 59,303/-രൂപ അധികം നൽകി.

2) 7.366% below നിരക്കിൽ കരാർ ഉറപ്പിച്ച് നൽകിയ പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരന് 9,831/-രൂപ അധികമായി നൽകിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം -4,07,935/-രൂപ

(-)Late completion time 1% - 4,079/-രൂപ

……….................

4,03,856/-രൂപ

(-)ടെണ്ടർകിഴിവ് 7.36% – 30,024/-രൂപ

.......................

3,73,832/-രൂപ

(-)നിയമാനുസൃത കിഴിവുകൾ IT 1% -4,039/-രൂപ

KB&OCWWF-4,039/-രൂപ

. .......................

കരാറുകാരന് അർഹമായ തുക -3,65,754/-രൂപ

കരാറുകാരന് നൽകിയ തുക -3,75,585/-രൂപ(ചെക്ക് നം.3111135/28.9.17,ബിൽനം.54/26.917)

കരാറുകാരന് അർഹമായ തുക -3,65,754/-രൂപ

അധികമായി നൽകിയ തുക -9,831/-രൂപ

മേൽ വിഷയം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിൻ പ്രകാരം ക്രമനം 2-ൽ അധികം നൽകിയതായി കണ്ടെത്തിയ തുക 9,831/- രൂപ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കി.

ക്രമനം.1 നുള്ള മറുപടിയിൽ ടി പ്രദേശത്ത് പാറ ഡമ്പ്ചെയ്യുമ്പോൾ അത് റിവർസൈഡിലേക്ക് ഉരുണ്ടുപോകുന്നതായി കാണാറുണ്ടെന്നും അതിനാലാണ് ഒരു എക്സ്ട്രാ മേസണെ ഡമ്പുചെയ്യുന്ന പാറ എടുത്തുവച്ച് നിർമ്മാണം നടത്തുന്നതിലേക്ക് ഉൾപ്പെടുത്തിയതെന്നും മറുപടി നൽകിയിട്ടുണ്ട്. സാധാരണ നിർമ്മാണ പ്രവൃത്തി (ഡി.ആർ പാക്കിംഗ്)യിൽ നിന്ന് വ്യത്യസ്തമായി 2 മീറ്റർ വീതിയിൽ ഡി.ആർ ഡമ്പിംഗിന് ഒരു ലേബർ, ഒരു ബെൽഡർ എന്നിവരുടെ സേവനം ഡാറ്റയിൽ തന്നെ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഒരു മേസണിന്റെ പ്രവൃത്തി ആവശ്യമില്ലാത്തതാണ്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയില്ല. മേസൺകൂലി ഉൾപ്പെടുത്തി ഈ ഇനത്തിൽ അധികമായി നൽകിയ 59,303/- രൂപയുടെ വിനിയോഗം നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നം.5/6.3.19

നിരാകരിച്ച തുക-59,303/-രൂപ

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,50,000 | അനുപൂരക പോഷകാഹാരം | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,25,000 | സഞ്ജീവനി ഹോംകെയർ | 0 | 1,25,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 18,450 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 15,150 | 3,300 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,50,000 | അരിനെല്ലൂർ കടവ്-കരുമുട്ടൽ കടവ് റോഡ് നിർമ്മാണം | 0 | 1,50,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 18,450 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 18,450 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | ഗാർഹിക കുടിവെള്ള കണക്ഷൻ | 65,000 | 1,35,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവ ഴിച്ച തുക (രൂപ) | ചെലവഴി ക്കാൻ ബാക്കി യുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | പെരിങ്ങാലം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (141/18) | 21700642 തീയതി -14.11.2017 | 68,000 | - | 68,000 |
| KSEB | പേഴംതുരുത്ത് വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (182/18) | 21700829 തീയതി -28.03.2018 | 27,662 | - | 27,662 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (142/18) | 21700666 തീയതി -30.12.2017 | 1,57,700 | - | 1,57,700 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരം ഭത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാ വസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവന പദ്ധതി | 951/2010/ 19.03.2016/ ത.സ്വ.ഭ.വ | 49,35,000 | 7,80,299 | - | - | 7,80,299 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15,983/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-2 | 5,672 | യേശുദാസൻ സേവ്യർ, എ.ഇ, എൽ.എസ്.ജി.ഡി | 117010101276 / 02.02.18 |
| 2016-17 | 3-7 | 8,964 | ശ്രീദേവി,ഡയറി ഫാം ഇൻസ്ട്രക്ടർ | 1170101008568 / 08.02.17 |
| 2016-17 | 3-1 | 720 | ഷേർളി | 117010100353 / 19.08.17 |
| 1984-85 | 13 | 13 | സുദർശനനാചാരി | 117010101349 / 27.02.18 |
| 1984-85 | 14 | 8 | അബ്ദുൾഖാദർ | 117010101392 / 03.03.18 |
| 1984-85 | 15 | 144 | അബ്ദുൾഖാദർ കുഞ്ഞ് | 117010101393 / 03.03.18 |
| 1987-88 | 26 | 160 | സെക്രട്ടറി, മൺട്രോത്തുരുത്ത് | 117010101249 / 27.02.18 |

| | | | | |
|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് | |
| 1986-87 | 2 | 3 | സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | 117010100353 / 19.08.17 |
| 1986-87 | 8 A | 2 | സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | 117010101273 / 20.02.18 |
| 1986-87 | 23 | 49 | സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | 117010100353 / 19.08.17 |
| 1986-87 | 2 | 12 | സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | 117010101275 / 20.02.18 |
| 2002-03 | 2-4 | 236 | ശരത്കുമാർ, ആല്യംമൂട്ടിൽ | 117010101273 / 20.02.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി – സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,73,01,389 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,45,10,445 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 69,009 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 9,706/- | ശ്രീ.വിഷ്ണു.ആർ അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | | 59,303/- | ശ്രീ.വിഷ്ണു.ആർ, അസ്സിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 30,000 | റ്റി.എഫ്.ജോസഫ്,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിഷ്ണു.ആർ, അസ്സിസ്റ്റന്റ് എഞ്ചിനിയർ | അസ്സിസ്റ്റന്റ് എഞ്ചിനിയർ, മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | നന്ദനം, TC-11/665, കൈമനം, തിരുവനന്തപുരം |
| റ്റി.എഫ്.ജോസഫ്, സെക്രട്ടറി | സെക്രട്ടറി മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | കൽപകം, അലിൻഡ് കുണ്ടറ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം..പി4-437 (11)/18/28.2.18 | 31 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം..പി4-437 (12)/18/28.2.18 | 33 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം..പി4-437 (13)/18/28.2.18 | 17 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം..പി4-437 (14)/18/28.2.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം..പി4-437 (15)/18/28.2.18 | 13 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം..പി4-437 (16)/18/28.2.18 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം..പി4-437 (17)/18/28.2.18 | 22 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം..പി4-437 (18)/18/28.2.18 | 18 |
| 2006-07 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 4 |
| 2011-12 | എൽ.എഫ്.ക്യു.പി6-1785/14/27.10.14 | 29 |
| 2012-13 | എൽ.എഫ്.ക്യു.പി6-2968/14/01.01.15 | 22 |
| 2013-14, 2014-15 | എൽ.എഫ്.ക്യു.പി4-1870/17/ 13.04.2018 | 8 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1828/ 16/13-12-2017 | 10 |
| 2016-17 | കെ.എസ്സ്.എ- | 14 |

| | കെ.എൽ.എം.പി.4-1404/17/31.01.2018 | |
|---|---|---|

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എൽ.എം-പി4-402/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം പിൻ - 691 001
Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in

തീയതി : 22/04/2019

### ഓഡിറ്റ് സാക്ഷ്യപത്രം 2017-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -2

## സംക്ഷിപ്തം(Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.